(ബി) ആളൊന്നുക്ക് ഭക്ഷ്യധാന്യ സബ്സിഡിയിനത്തിൽ ഈ കാലഘട്ടത്തിൽ പ്രതിവർഷം ഗവൺമെന്റ് എന്തുതുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സബ്സിഡിയിനത്തിൽ ചെലവഴിച്ചിട്ടുള്ള തുകയുടെ വർഷം തിരിച്ചുള്ള വിശദവിവരം ചുവടെ ചേർക്കുന്നു.

വർഷം	ചെലവഴിച്ച സബ്സിഡി തുക
1995-1996	ഇല്ല
1996-1997 (8/96 മുതൽ)	51,53,31,024.75 രൂപ
1997-1998	82,08,71,408.36 രൂപ
1998 - 1999	96,62,64,840.91 രൂപ
1999 - 2000 (2000 ഫെബ്രുവരി 29 വരെ)	90,14,59,293,75 രൂപ
	320,39,26,567.77 രൂപ

(ബി) ആളൊന്നുക്ക് ഭക്ഷ്യ ധാന്യ സബ്സിഡിയിനത്തിൽ ചെലവഴിച്ച തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

വർഷം	ആളൊന്നുക്ക് ചെലവഴിച്ച തുക
1996-1997	പ്രതിവർഷം 17.04 രൂപ
1997-1998	പ്രതിവർഷം 26.93 രൂപ
1998-1999	പ്രതിവർഷം 31.70 രൂപ

റേഷൻ വിതരണത്തിനായി കേന്ദ്രത്തിൽ നിന്നും അനുവദിച്ച ഭക്ഷ്യ ധാന്യങ്ങൾ

128 (3318) ശ്രീ. കെ. എം. മാണി : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര നിമയ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റേഷൻ വിതരണത്തിനായി 1999 വർഷം കേന്ദ്രത്തിൽ നിന്നും അനുവദിച്ച ഭക്ഷ്യസാധനങ്ങളുടെ അളവ് 1998-ൽ ലഭിച്ചതിൽ നിന്ന് കുറയാനിടയായിട്ടുണ്ടോ ; എങ്കിൽ കാരണം വിശദമാക്കാമോ ;

(ബി) ഇപ്രകാരം അനുവദിക്കപ്പെട്ട ഭക്ഷ്യധാന്യങ്ങളുടെ വിഹിതം മുൻവർഷത്തേതിൽ നിന്നും കുറഞ്ഞ അളവിലാണോ കഴിഞ്ഞ വർഷം എടുത്തിട്ടുള്ളത് ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ ഭക്ഷ്യധാന്യങ്ങൾ കൃത്യസമയത്ത് ഉപയോഗത്തിനായി എടുക്കാതിരുന്നതുമൂലം ലാപ്സായ അളവ് കഴിഞ്ഞ വർഷം, മുൻവർഷത്തേതിനെക്കാൾ അധികമാണോ ; എങ്കിൽ അതിനുള്ള കാരണം വെളിപ്പെടുത്താമോ ;

(ഡി) ഭക്ഷ്യ- സിവിൽ സപ്ലൈസ് രംഗത്തെ പാളിച്ചകൾ മൂലമാണോ ഇപ്രകാരം സംഭവിക്കാനിടയായതെന്നുള്ള ഒരു അവലോകനത്തിന് സർക്കാർ തയ്യാറാകുമോ ;

(ഇ) ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സൂപ്പർ മാർക്കറ്റുകൾ, ത്രിവേണി സ്റ്റോറുകൾ, മാവേലി സ്റ്റോറുകൾ, ശബരിചായ എന്നിവയക്കുവേണ്ടി സമ്മാന പദ്ധതികൾ ഏർപ്പെടുത്തി കളക്ഷൻ വർദ്ധനയ്ക്കു ശ്രമിച്ചിട്ടുണ്ടോ ;

(എഫ്) എങ്കിൽ ഇതിന്റെ വിജയം കണക്കുകളെ ആധാരമാക്കി അറിയിക്കുമോ ?

ഉത്തരം

(എ) റേഷൻ വിതരണത്തിനായി അനുവദിച്ച ഭക്ഷ്യ സാധനങ്ങളുടെ അളവ് കുറഞ്ഞിട്ടില്ല. എന്നാൽ 1998-ൽ ഉത്സവകാലങ്ങളിലെ ഉപഭോഗം കണക്കിലെടുത്ത് 30000 ടൺ അരിയും 30000 ടൺ ഗോതമ്പും ഫുഡ് കോർപ്പ റേഷനിൽ നിന്നും 'ഇക്കണോമിക് കോസ്റ്റ്' നൽകി അധികമായി വാങ്ങിയിരുന്നു.

(ബി & സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം, 1996 ജൂൺമാസം മുതൽ റേഷൻ ഉപഭോഗത്തിൽ ഗണ്യമായ വർദ്ധനവാണ് ഉണ്ടായത്. സംസ്ഥാന സർക്കാർ സബ്സിഡി നൽകി അരിയുടെ വിലയിൽ കുറവുവരുത്തിയതുമൂലവും ഗുണനിലവാരം മെച്ചപ്പെടുത്തിയതുമൂലവുമാണ് ഇത് സാധ്യമായത്. എന്നാൽ 29-1-1999 മുതൽ കേന്ദ്ര ഗവൺമെന്റ് റേഷൻ അരിയുടെ വില വർദ്ധിപ്പിച്ചതിനുശേഷം ഉപഭോഗം കുറഞ്ഞുപോയിട്ടുണ്ട്.

(ഡി) റേഷൻ വിലയിൽ കേന്ദ്രം ഏർപ്പെടുത്തിയ വർദ്ധന മൂലമാണ് ഉപഭോഗം കുറഞ്ഞതെന്ന് ബോദ്ധ്യമുള്ളതിനാൽ ഇക്കാര്യത്തിൽ പ്രത്യേകമായ ഒരു അവലോകനം ആവശ്യമുണ്ടെന്നു കരുതുന്നില്ല.

(ഇ) ഉണ്ട്. ശബരിചായയുടെ വില്പന വർദ്ധിപ്പിക്കുന്നതിനായി 1999 ജൂലൈ-ഓഗസ്റ്റ് മാസങ്ങളിൽ ഒരു സമ്മാന പദ്ധതിയും സൂപ്പർ മാർക്കറ്റുകളിലെ വില്പന വർദ്ധിപ്പിക്കുന്നതിനായി 1999 ഓഗസ്റ്റ് മുതൽ ഡിസംബർ വരെ ഒരു സമ്മാന പദ്ധതിയും 2000 ജനുവരി – ഫെബ്രുവരി മാസങ്ങളിൽ മറ്റൊരു സമ്മാന പദ്ധതിയും ഏർപ്പെടുത്തിയിരുന്നു. ത്രീവേണി സ്റ്റോറുകൾ സിവിൽസപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ വരുന്നവയല്ല.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ശബരി തേയിലയുടെ വില്പനയിലും സൂപ്പർ മാർക്കറ്റുകളിലെ കളക്ഷനിലും ഗണ്യമായ വർദ്ധന ഉണ്ടായി

തേയില വില്പന

1999 മേയ്	27.35 മെ. ടൺ
1999 ജൂൺ	34.43 മെ. ടൺ
1999 ജൂലൈ	79.04 മെ. ടൺ
1999 ആഗസ്റ്റ്	87.07 മെ. ടൺ

സൂപ്പർ മാർക്കറ്റുകളിലെ കളക്ഷൻ

1999 സെപ്തംബർ	183.61 ലക്ഷം രൂപ
1999 ഒക്ടോബർ	222.77 ലക്ഷം രൂപ
1999 നവംബർ	250.22 ലക്ഷം രൂപ
1999 ഡിസംബർ	261.54 ലക്ഷം രൂപ
2000 ജനുവരി	195.11 ലക്ഷം രൂപ
2000 ഫെബ്രുവരി	208.50 ലക്ഷം രൂപ

റേഷൻ സാധനങ്ങൾ കാർഡുടമകൾക്ക് ലഭ്യമാക്കാൻ നടപടി

129 (3319) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റേഷൻ കടകളിൽ കൂടി വിതരണം ചെയ്യുന്ന അവശ്യ സാധനങ്ങൾ പല റേഷൻകടക്കാരും കാർഡ് ഉടമകൾക്ക് നൽകാതെ വെട്ടിപ്പു നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് കണ്ടുപിടിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) റേഷൻ കടകളിൽ 3 മാസത്തിലൊരിക്കൽ പരിശോധന നടത്തുന്നതിന് താലൂക്ക് സപ്ലൈ ഓഫീസർമാർക്ക് നിർദ്ദേശം നൽകുമോ ;

(ഡി) റേഷൻകട പരിശോധിക്കുന്നതിന് മൊബൈൽ സ്ക്വാഡിന് ആവശ്യമായ വാഹനങ്ങൾ നൽകുമോ ;

(ഇ) അവശ്യസാധനങ്ങൾ വെട്ടിപ്പു നടത്തുന്ന റേഷൻകട ഉടമകൾക്കെതിരെ കർശനമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) റേഷൻ കടകളിലൂടെ വിതരണം നടത്തുന്ന അവശ്യ സാധനങ്ങൾ കാർഡുടമകൾക്ക് കൃത്യമായി ലഭിക്കുന്നുണ്ട്. എന്നാൽ ചില അവസരങ്ങളിൽ ചില ക്രമക്കേടുകൾ ഉണ്ടാകുന്നതായി പരാതി ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly